◇ റിപ്പോർട്ട് ◇

എം.എൻ

# 'അധിനിവേശം വിദ്യാഭ്യാസരംഗത്ത് ശക്തിപ്രാപിക്കുന്നു'

**വിദ്യാഭ്യാസത്തെക്കുറിച്ച്,** പ്രത്യേകിച്ച് മുസ്‌ലിം വിദ്യാഭ്യാസത്തെക്കുറിച്ച് ദാർശനിക വ്യക്തതയുള്ള വീക്ഷണങ്ങൾ കൈവശമില്ല എന്നതാണ് ഒരുപക്ഷേ നമ്മൾ അനുഭവിക്കുന്ന മൗലികമായ പ്രശ്നങ്ങളിലൊന്ന്. അതിനാൽ വിദ്യാഭ്യാസ രംഗത്ത് സംഭാവനയർപ്പിച്ചിട്ടുള്ളവരുടെ കൂടിച്ചേരലുകളും തുറന്ന അഭിപ്രായവിനിമയങ്ങളും കുറെയേറെ നടക്കേണ്ടതുണ്ട്. ഈയൊരു സാഹചര്യത്തിലാണ് 'വിദ്യാഭ്യാസം, സംസ്കാരം, സമൂഹം' എന്ന ശീർഷകത്തിൽ അൽഫുർഖാൻ അക്കാദമി ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് (ശാന്തിവയൽ, എ.ആർ നഗർ) ഏപ്രിൽ 4-ന് സംഘടിപ്പിച്ച സിമ്പോസിയത്തിലെ പ്രബന്ധങ്ങൾ ശ്രദ്ധേയമാകുന്നത്.

അധിനിവേശകാലത്തെ വിദ്യാഭ്യാസം; ഔപചാരികവിദ്യാഭ്യാസം- പ്രശ്നങ്ങൾ, പ്രത്യാശകൾ; വിദ്യാഭ്യാസം, ജ്ഞാനപദ്ധതി, ധാർമികത, വികസനം - ഇസ്‌ലാമിക സമീപനം എന്നീ വിഷയങ്ങളിലാണ് പ്രഭാഷണങ്ങൾ നടന്നത്. ഡോ. കെ.എൻ ഗണേശ് (ചരിത്രവിഭാഗം തലവൻ, കോഴിക്കോട് സർവകലാശാല), ഡോ. എൻ.എ കരീം (മുൻ പ്രൊ-വി.സി കേരള സർവകലാശാല), ടി.കെ ഫാറൂഖ് (സോളിഡാരിറ്റി സംസ്ഥാന സമിതിയംഗം) എന്നിവരാണ് യഥാക്രമം വിഷയമവതരിപ്പിച്ചത്. കേരള സർക്കാരിന്റെ മുൻ വിദ്യാഭ്യാസ വികസന ഗവേഷണ കമീഷണർ ഡോ. ടി.കെ മുഹമ്മദ് മോഡറേറ്ററായിരുന്നു.

അധിനിവേശത്തിന്റെ ഭൂതം നമ്മുടെ വിദ്യാഭ്യാസഘടനയിൽനിന്ന് മടങ്ങിപ്പോയിട്ടില്ലെന്നും അതുകൊണ്ടാണ് മുഖ്യധാരാവിദ്യാഭ്യാസം പ്രശ്നജടിലമായി തുടരുന്നതെന്നും ഡോ. എൻ.എ കരീം മുഖ്യപ്രഭാഷണത്തിൽ പറഞ്ഞു. ആഗോളവത്കരണമെന്നാൽ അമേരിക്കയുടെ ആധിപത്യവത്കരണമാണ്. അതിനുകീഴിൽ ഔപചാരിക വിദ്യാഭ്യാസം നേരിടുന്ന പ്രശ്നങ്ങൾക്ക് നിരവധി തലങ്ങളുണ്ട്. ഫണ്ടിംഗിന്റെ അഥവാ ചെലവിന്റേതാണ് ഒരു പ്രശ്നം. നടത്തിപ്പിന്റെയും വിദ്യാഭ്യാസ ഘടനയുടെയും പ്രശ്നങ്ങൾ രണ്ടാമത്. ഏത് തത്ത്വത്തിന്റെ/ആദർശത്തിന്റെ അടിസ്ഥാനത്തിലാണ് വിദ്യാഭ്യാസ പദ്ധതി രൂപപ്പെടുത്തിവെച്ചിരിക്കുന്നത് എന്നതാണ് മർമപ്രധാനമായ പ്രശ്നം.

ഔപചാരിക വിദ്യാഭ്യാസത്തിനാണ് നാമിന്ന് മുന്തിയ പരിഗണന കൊടുക്കുന്നത്. അത് ഒരു സരണി മാത്രമാണ്. ശക്തമായ അനൗപചാരിക വിദ്യാഭ്യാസ രീതികളും നമുക്കുണ്ട്. പത്രമാധ്യമങ്ങളിലൂടെയും നേരനുഭവങ്ങളിലൂടെയുമുള്ള ആനുഷംഗിക വിദ്യാഭ്യാസരീതിയും വളരെ ഫലപ്രദമാണ് - അദ്ദേഹം പറഞ്ഞു. ഇതു മൂന്നും ഫലപ്രദമായി കൂട്ടിയിണക്കിയ സമഗ്ര വിദ്യാഭ്യാസ പദ്ധതിയാണ് മാതൃകാപരമെന്നും ചോദ്യത്തിനു മറുപടിയായി അദ്ദേഹം പറഞ്ഞു.

ഔപചാരികവിദ്യാഭ്യാസവും അനൗപചാരിക വിദ്യാഭ്യാസവും പരസ്പരപൂരകവും പരസ്പരപോഷകവുമാണ്. ഔപചാരിക വിദ്യാഭ്യാസത്തിന് സാമൂഹികവും സാംസ്കാരികവും സാമ്പത്തികവും സദാചാരപരവുമായ തലങ്ങൾ ഉണ്ടാകണം. എന്നാൽ ഇന്ന് സാധാരണക്കാർ വിദ്യാഭ്യാസത്തിന്റെ തൊഴിൽമൂല്യത്തിനാണ് പ്രാധാന്യം കൽപിക്കുന്നത്. നിങ്ങൾ ഒരു സ്കൂൾ തുടങ്ങിയാൽ ഒരു ജയിൽ അടച്ചുപൂട്ടാമെന്ന് ഇരുപതാം നൂറ്റാണ്ടിലെ ഒരു ചിന്തകൻ അഭിപ്രായപ്പെട്ടപ്പോൾ വിദ്യാഭ്യാസത്തിന്റെ ധാർമികവശത്തെയാണ് അദ്ദേഹം ഊന്നിയത്. എന്നാലിന്ന് ഒരു സ്കൂൾ തുടങ്ങുമ്പോൾ തൊട്ടടുത്തുതന്നെ ഒരു പോലീസ് സ്റ്റേഷൻ കൂടി തുടങ്ങേണ്ടിവരുന്നു, തുടർന്ന് ഒരു സബ്ജയിലും.

നമ്മുടെ വിദ്യാഭ്യാസസംവിധാനം ബ്രിട്ടീഷുകാരാണ് നിർമിച്ചതെന്ന് എല്ലാവർക്കും അറിയാം. കറുത്ത തൊലിയുള്ള സായിപ്പന്മാരെ വാർത്തെടുക്കലായിരുന്നു അതിന്റെ പ്രഖ്യാപിത ലക്ഷ്യം. സ്വാതന്ത്ര്യം കിട്ടിയാൽ പാശ്ചാത്യവിദ്യാഭ്യാസ സമ്പ്രദായം തോട്ടിലേക്ക് വലിച്ചെറിയുമെന്ന് നമ്മുടെ ചില നേതാക്കന്മാർ പ്രസംഗിച്ചിരുന്നു. പക്ഷേ, മറ്റു പ്രശ്നങ്ങൾക്കിടയിൽ നമ്മുടെ ഭരണകർത്താക്കൾ വിദ്യാഭ്യാസത്തെ അവഗണിച്ചു. മൗലികമായ, വിപ്ലവകരമായ ഒരു പുനഃസംവിധാനവും നടന്നില്ല. നമ്മുടെ ജനതയുമായോ വികസനലക്ഷ്യങ്ങളുമായോ ഒരു പൊരുത്തവുമില്ലാതെയാണ് വിദ്യാഭ്യാസമേഖല മുന്നോട്ടുപോകുന്നത്. സ്വാതന്ത്ര്യത്തിനുശേഷം ഗൗരവമായ ശ്രദ്ധയോടെ, വിദ്യാഭ്യാസ മേഖലയെ മാറ്റിപ്പണിയാൻ നമുക്ക് കഴിഞ്ഞിരുന്നെങ്കിൽ നാമിപ്പോൾ ജീവിക്കുക വേറൊരിന്ത്യയിലായിരുന്നു. നമ്മുടെ വികസനം തികച്ചും കൃത്രിമവും വ്യാജവുമാണ്. ജി.ഡി.പി ഗ്രാഫുകളിൽ മാത്രം ജീവിക്കുന്ന വികസനമാണത്. യഥാർഥ മനുഷ്യരുടെ ജീവിതത്തിന്റെ തലത്തിൽ അത് പതനാവസ്ഥയിലാണ്. വികസനം ഒരു വിഭാഗത്തിനു മാത്രം പോരാ. എല്ലാ വിഭാഗം ജനങ്ങൾക്കും അതിന് അർഹതയും അവകാശവുമുണ്ട്. എന്നാൽ ഇന്ന് വരേണ്യവർഗത്തിൽപെട്ട പുരുഷന്മാർ ആണ് ഇന്ത്യയിലെ എല്ലാ വികസന നേട്ടങ്ങളുടെയും ഗുണഭോക്താക്കൾ.

ഇവിടെയാണ് വിദ്യാഭ്യാസം വികസനവുമായി ബന്ധപ്പെടുന്നത്. ദില്ലിയിൽ നമ്മൾ ഈയിടെ കണ്ട സംവരണ വിരുദ്ധ സമരം ഒരു സവർണ അജണ്ടയായിരുന്നു. ഇന്ത്യയിലെ ഒന്നാംകിട ബ്രാഹ്മണന്മാർ തങ്ങളുടെ കുട്ടികളെ, ബിരിയാണി വാങ്ങിക്കൊടുത്തും ഷാമിയാന കെട്ടിക്കൊടുത്തും മാധ്യമങ്ങൾക്കു മുമ്പിൽ എഴുന്നള്ളിച്ച സമരമായിരുന്നു അത്. ദ്രോണാചാര്യരുടെ മാനസികാവസ്ഥയുമായി സംവരണവിരുദ്ധ നിലപാടിനു ബന്ധവുമുണ്ട്. ദ്രോണാചാര്യർ ഏകലവ്യനെ വിദ്യ അഭ്യസിപ്പിച്ചില്ല. ഏകലവ്യനായിരുന്നു വിദൂര വിദ്യാഭ്യാസം വഴി വിദ്യനേടിയ ചരിത്രത്തിലെ ആദ്യത്തെ വിദ്യാർഥി. എന്നിട്ട് അർജുനനേക്കാൾ മികച്ച വില്ലാളിവീരനായി ചണ്ഡാളൻ മാറിയപ്പോളാണ് ദ്രോണാചാര്യർ ദക്ഷിണയായി പെരുവിരൽ ചോദിച്ചത്. ഏറ്റവും നീചനായ അധ്യാപകനായിരുന്നു ദ്രോണാചാര്യർ. അദ്ദേഹത്തിന്റെ പേരിലാണ് നാമിപ്പോൾ അധ്യാപകർക്ക് അവാർഡ് കൊടുക്കുന്നത്. സവർണനേക്കാൾ കീഴാളൻ ഉയരരുത് എന്ന ജാതിക്കോയ്മ വിദ്യാഭ്യാസമേഖലയിൽ ശക്തമാണ്.

സമൂഹത്തെയും വിദ്യാഭ്യാസത്തെയും വെവ്വേറെ കാണരുത്. വിദ്യാഭ്യാസത്തെക്കുറിച്ച് ആലോചിക്കുമ്പോൾ സമൂഹത്തെക്കുറിച്ചും അതിന്റെ വളർച്ചയെക്കുറിച്ചും കൂടിയാണ് നമ്മൾ ചിന്തിക്കുന്നത്. നമ്മുടെ ഗവൺമെന്റുകൾ ഔപചാ

രിക വിദ്യാഭ്യാസത്തിനുവേണ്ടി കൂടുതൽ പണം ചെലവഴിക്കേണ്ടതുണ്ട്. പക്ഷേ, ലോകബാങ്ക് നമ്മോട് ആവശ്യപ്പെടുന്നത് ഈ മേഖലയിൽ കഴിയുന്നത്ര കുറച്ച് പണം ചെലവഴിച്ചാൽ മതി എന്നാണ്. സാമ്പത്തിക കമ്മി നികത്താൻ അതാണത്രെ പോംവഴി. വിദ്യാഭ്യാസത്തിൽ നമുക്ക് ഒരു സമഗ്ര സമീപനമാണാവശ്യം. ജീവിതത്തിനുവേണ്ട എല്ലാ കാര്യങ്ങളും അത് കൈകാര്യം ചെയ്യണം.

തൊഴിലധിഷ്ഠിത വിദ്യാഭ്യാസം തൊഴിൽ പരിശീലനമാണെന്നും വിദ്യാഭ്യാസമെന്നാൽ അതു മാത്രമല്ലെന്നും ഡോ. കെ.എൻ ഗണേശ് പറഞ്ഞു. സൗജന്യനിർബന്ധിത സാർവത്രിക വിദ്യാഭ്യാസം വന്നതോടെയാണ് മലബാറിൽ പൊതു വിദ്യാഭ്യാസരംഗത്ത് ഉണർവുണ്ടായതെന്ന് അദ്ദേഹം നിരീക്ഷിച്ചു. ബോധന മാധ്യമം മലയാളത്തിലാക്കിയതും ഉച്ചക്കഞ്ഞി വിതരണം തുടങ്ങിയതും (അമേരിക്കയിൽനിന്ന് വന്ന CARE എന്ന സംഘടനയാണ് ഉച്ചക്കഞ്ഞി സമ്പ്രദായം തുടങ്ങിവെച്ചത്) സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങളുടെ സ്വാധീനവും ഭൂപരിഷ്കരണം വഴിയുണ്ടായ ഉത്കർഷേച്ഛയുമാണ് പൊതുവിദ്യാഭ്യാസത്തെ ത്വരിതപ്പെടുത്തിയ മറ്റു ഘടകങ്ങൾ. പണ്ട് വിദ്യാഭ്യാസത്തിന് ഒരു വിമോചന മൂല്യമുണ്ടായിരുന്നു. ഇന്നത് മികച്ച ജോലി നേടാനും കൂടുതൽ കാശുണ്ടാക്കാനുമുള്ള വഴിയായാണ് കാണുന്നത്. വിദ്യാഭ്യാസരംഗത്ത് രക്ഷിതാക്കളെ ബാധിച്ച അധിനിവേശമനസ്സ് ഇതാണ്. ഇവിടെ കുട്ടിയുടെ ഹ്രസ്വകാല പ്രയോഗസിദ്ധികൾക്കാണ് മുൻതൂക്കം. ജ്ഞാനസമ്പാദനമെന്നത് അപ്രധാനമായി മാറുന്നു. പ്രായോഗികമായ സിദ്ധികൾ പരിശീലിപ്പിക്കുന്നതിന് വിദ്യാർഥി പണം മുടക്കണമെന്ന് തീരുമാനിക്കുന്നു. ഇതാണ് സ്വാശ്രയ വിദ്യാഭ്യാസ സങ്കൽപത്തിന്റെ അടിത്തറ. ഇന്ന് സ്കൂൾ തുടങ്ങുകയെന്നത് ഒരു മുതൽമുടക്കായി കാണുന്നത് അതുകൊണ്ടാണ്. പണമായോ നേട്ടങ്ങളുടെ അവകാശവാദമായോ എന്തു തിരിച്ചുകിട്ടും(Utility) എന്നാണ് സ്കൂൾ നടത്തുന്നവരുടെ ആലോചന.

നമ്മളിന്ന് വിദ്യാഭ്യാസ മന്ത്രാലയത്തിന് മാനവവിഭവശേഷി വികസന (Human Resource Development) മന്ത്രാലയം എന്നൊക്കെ പറയുന്നു. മനുഷ്യരുടെ ശക്തി എന്നുമുതലാണ് ഒരു വിഭവം ആയത്? അങ്ങനെ പറയുന്നതിൽ നിക്ഷേപത്തിന്റെയും മുതൽമുടക്കിന്റെയും ചോദനയുണ്ട്. അതിൽ ഒരു അമാനവീകരണം ഉണ്ട്. അധിനിവേശത്തിന്റെ വിദ്യാഭ്യാസ സിദ്ധാന്തമാണിത്. അവിടെ മനുഷ്യൻ മനുഷ്യനല്ല. യന്ത്രങ്ങളെ നടത്തിക്കൊണ്ടുപോകാനുള്ള ഒരു യന്ത്രം മാത്രമാണ്.

നമ്മുടെ രക്ഷിതാക്കൾ ആലോചിക്കുന്നത് എന്റെ മകൻ/മകൾ നാളെ എത്ര നല്ല, ഉജ്ജ്വലനായ, സ്വന്തം ബുദ്ധിയുള്ള വ്യക്തിയായിത്തീരും എന്നല്ല. അവൻ/അവൾ വിദ്യാഭ്യാസം നേടിക്കഴിഞ്ഞ് എത്ര കാശ് തിരിച്ചുകൊണ്ടുവരും എന്നതാണ്. ഇതാണ് വിദ്യാഭ്യാസത്തെ അധിനിവേശിച്ചുകഴിഞ്ഞ മാനസികാവസ്ഥ. നിലനിൽപല്ല, ധനത്തിന്റെയും സുഖഭോഗത്തിന്റെയും മൂല്യമാണ് ഇവിടെ പ്രശ്നം. ഇങ്ങനെയുണ്ടായിത്തീരുന്ന മധ്യമവർഗമനസ്സിനെ താലോലിക്കുകയാണ് നമ്മുടെ ഭരണകൂടങ്ങൾ.

വിമർശനാത്മകമായ അവബോധം കുട്ടികളിൽ വളർത്തിയെടുക്കണം. എങ്കിലേ മൗലികമായ അറിവുണ്ടാകൂ. അങ്ങനെയല്ലെങ്കിൽ, പിന്നെ നടക്കുക കേവല തൊഴിൽ പരിശീലനവും അതോട് പൊരുത്തപ്പെടാത്ത ധാർമിക പരിശീലനവുമാണ്. ഇന്ന് ഉന്നതവിദ്യാഭ്യാസം കിട്ടുന്ന പുതിയ തലമുറയിലെ ഏറ്റവും നല്ല തലച്ചോറുകളൊക്കെയും ജോലി ചെയ്യുന്നത് അമേരിക്കയിലാണ്. അല്ലാത്തവർ അവിടെ പോകാതെത്തന്നെ വെബ് പോർട്ടലുകളിലൂടെയും ബി.പി.ഒകളിലൂടെയും അമേരിക്കയെത്തന്നെയാണ് സേവിക്കുന്നത്. ഓരോ വർഷവും അമേരിക്കക്ക് ഏറ്റവുമധികം ഐ.ടി എഞ്ചിനീയർമാരെ എത്തിക്കുന്ന രാജ്യം ഇന്ത്യയാണ്. ജ്ഞാനമൂലധനത്തിന്റെ കേന്ദ്രമായി അമേരിക്ക മാറുന്നു. അധിനിവേശ വിദ്യാഭ്യാസത്തിന്റെ വൻ വിജയമാണിത്. ദരിദ്ര രാജ്യങ്ങൾക്ക് അറിവിനു മേലുള്ള സ്വന്തം നിയന്ത്രണം നഷ്ടപ്പെടുന്നു. ഇങ്ങനെ അമേരിക്കക്കുവേണ്ടി ബുദ്ധിയുപയോഗിച്ചുള്ള വിടുപണി ചെയ്യുന്നത് നല്ലതാണ് എന്നുപോലും കരുതുന്നവരുണ്ട്. നമ്മൾ അവർക്കു തലച്ചോറു കൊടുക്കുന്നു. അവർ നമുക്കു കാശ് തരുന്നു. ഇതിന് 'റിവേഴ്സ് കാപിറ്റൽ ഫ്ളോ' എന്നു പറയും – ഗണേശ് പറഞ്ഞു.

ഏറ്റവും കൂടുതൽ വിദ്യാഭ്യാസ നേട്ടങ്ങളുള്ള കേരളത്തിലാണ് ഏറ്റവുമധികം ആത്മഹത്യയും മനോരോഗങ്ങളുമുള്ളതെന്ന് ടി.കെ ഫാറൂഖ് പറഞ്ഞു. നമ്മുടെ വിദ്യാഭ്യാസ നേട്ടങ്ങൾ മനുഷ്യനെ സംതൃപ്തനാക്കുന്നതിൽ പരാജയപ്പെടുന്നു. യഥാർഥ അധിനിവേശം നടന്നത് നമ്മൾ മൂല്യങ്ങളെ നിരാകരിച്ചതിനെ തുടർന്നാണെന്ന് അദ്ദേഹം പറഞ്ഞു. വ്യക്തികളുടെ കഴിവുകൾ പുറത്തുകൊണ്ടുവരുന്നതിൽ ഒതുങ്ങിനിൽക്കുന്നില്ല ഇസ്‌ലാമിന്റെ വിദ്യാഭ്യാസലക്ഷ്യം. അവ എങ്ങനെ വിനിയോഗിക്കണമെന്ന അറിവും ദൗത്യവും കൂടി നൽകണം. ഭൂമിയിൽ ദൈവത്തിന്റെ പ്രതിനിധിയാണ് മനുഷ്യൻ എന്ന് ഖുർആൻ പറയുന്നു. അപ്പോൾ ദൈവികമായ പ്രതിനിധാനമാണ് ജീവിതലക്ഷ്യം. അത് പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യലാണ് വിദ്യാഭ്യാസം – അദ്ദേഹം അഭിപ്രായപ്പെട്ടു.

വിദ്യാഭ്യാസം എക്കാലവും അഭിമുഖീകരിക്കുന്ന പ്രശ്നം അതിന്റെ അടിത്തറയായി നിൽക്കുന്ന തത്ത്വശാസ്ത്രം എന്താണെന്നതാണെന്ന് മോഡറേറ്റർ ഡോ. ടി.കെ മുഹമ്മദ് പറഞ്ഞു. വിദ്യാഭ്യാസം ഒരു ധാർമിക പ്രവൃത്തിയാണോ ലാഭക്കച്ചവടമാണോ എന്നതാണ് ഇന്നത്തെ പ്രധാന ചോദ്യം.

അനൗപചാരികമായ ഗവേഷണ പഠനങ്ങൾക്ക് വേദിയും സൗകര്യവുമൊരുക്കുകയാണ് അൽഫുർഖാൻ അക്കാദമിയുടെ ലക്ഷ്യമെന്ന് ഹിറാ ചാരിറ്റബ്ൾ സൊസൈറ്റി ചെയർമാൻ കെ.ടി അബ്ദുർറഹ്മാൻ നദ്‌വി സ്വാഗതപ്രസംഗത്തിൽ പറഞ്ഞു. ഡയറക്ടർ ഇൻചാർജ് വി.വി.എ ശുകൂർ നന്ദി പറഞ്ഞു. ■